PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

(First Session—1964)

Wednesday, the 29th January, 1964.

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 29th January 1964 with Mr. Speaker in the Chair.

Questions and Answers.

(The number within brackets indicates the number in the list of admitted questions for the day.)

പുതുതായി സ്കൂളുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം.

* 35. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65-ൽ പുതുതായി സ്കൂളുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്ത് ;

(ബി) പൊതുമേഖലയിൽ സ്കൂളുകൾ അനുവദിക്കുന്നതല്ലെന്ന് ഡി. ഇ. ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) പൊതുമേഖലയിൽ സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പ്രാദേശികാവശ്യം, മറ്റു സ്കൂളുകളുമായുള്ള അകലം, വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം മുതലായവയെ കണക്കിലെടുത്തുകൊണ്ടാണ് പുതിയ സ്കൂളുകൾ അനുവദിക്കുന്നത്.

(ബി) പൊതുമേഖലയിൽ പുതിയ സ്കൂളുകൾ തുറക്കാൻ സാദ്ധ്യത കുറവാണെന്ന് ജില്ലാ വിദ്യാഭ്യാസ ആഫീസറന്മാരെ അറിയിച്ചിട്ടുണ്ട്. എന്നാൽ അത്യാവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ നിലവിലുള്ള സ്കൂളുകൾ ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) 'ബി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ : സർ, ചോദ്യം നമ്പർ 41-ന കൂടി ഉത്തരം പറഞ്ഞാൽ കൊള്ളാം.

പുതിയ കാളേജുകളും സ്കൂളുകളും.

* 36. [41] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കാളേജുകളും സ്കൂളുകളും അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രവീതം ; എവിടെയെല്ലാം ;

(സി) അതിലേക്ക് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) പ്രാദേശിക വിദ്യാഭ്യാസാവശ്യം, സ്ഥലസൗകര്യം, കോളേജുകൾക്കും സ്കൂളുകൾക്കും വേണ്ടി അപേക്ഷിക്കുന്നവരുടെ കഴിവ് എന്നിവ നോക്കിയാണ് അംഗീകരിക്കുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ജില്ലാ വികസന കൗൺസിലിൽ ഗവണ്മെന്റ് നിർദ്ദേശം നൽകിയതനുസരിച്ച് തിരുവനന്തപുരത്തെ ജില്ലാവികസന കൗൺസിൽ ഒരു കമ്മിറ്റി വിളിച്ചുകൂട്ടുകയും സ്കൂളുകൾ അനുവദിക്കുന്നതിനുള്ള ഒരു ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ ഒന്നാമതായി നാട്ടുകാരുടെ സഹായത്തോടുകൂടി സ്കൂളുകൾ തുടങ്ങുന്നതിനുള്ള പ്രാബല്യം നൽകണമെന്നും രണ്ടാമതായി പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രാബല്യം നൽകണമെന്നും, മൂന്നാമതായി സ്വകാര്യ വ്യക്തികൾക്ക് പ്രാബല്യം നൽകണമെന്നുമാണ്. ഇതിനെപ്പറ്റി ഗവണ്മെൻറിന്റെ അഭിപ്രായം എന്താണ് ; ഈ തീരുമാനം ഗവണ്മെൻറിന്റെ പരിഗണനയ്ക്ക് എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : സ്കൂളുകൾ അനുവദിക്കുന്നതിനാവശ്യമായ വിവരങ്ങൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് വഴിയാണ് ഗവണ്മെൻറ് ശേഖരിക്കുന്നത്. ജില്ലാ വികസന കൗൺസിൽ ആ വിഷയത്തിൽ എന്തെങ്കിലും ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. അതിൽ എന്തു നയമാണ് തീരുമാനിക്കേണ്ടതെന്നുള്ളത് ആലോചിക്കേണ്ടത് ഗവണ്മെൻറാണ്; അല്ലാതെ ജില്ലാ വികസന കൗൺസിലല്ല.

ശ്രീ. മൊഹ്സിൻബിൻ അഹമ്മദ് : 1963-ൽ സ്കൂളുകൾ പുതുതായി അനുവദിക്കുന്നതിനുവേണ്ടി ട്രഷറികളിൽ പണം അടച്ച് അപേക്ഷിച്ചിട്ട് അവ ഒന്നുംതന്നെ അനുവദിച്ചു കിട്ടിയിട്ടില്ല. അവയിൽ പലതും ലോവർ പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും ഹൈസ്കൂളുകൾ അനുവദിക്കുന്നതിനും വേണ്ടിയാണ്. അങ്ങനെ നേരത്തെ പണം അടച്ച് അപേക്ഷിച്ചിരുന്നവർ ഈ വർഷം പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനുവേണ്ടി ഇനി അപേക്ഷിക്കുമ്പോൾ വീണ്ടും പണം അടച്ച് പ്രത്യേക ഫീസ്സിടുകൾ അയയ്ക്കേണ്ടതുണ്ടോ ?

ശ്രീ. ആർ. ശങ്കർ : കഴിഞ്ഞവർഷം പണം അടച്ച് അപേക്ഷിച്ചിട്ടുള്ളവർ ഈ വർഷം പുതിയ സ്കൂളുകൾക്ക് അപേക്ഷിക്കുമ്പോൾ കഴിഞ്ഞവർഷം പണം അടച്ചിട്ടുള്ളതിനെ ഇപ്പോൾ വകവെയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള : ചില ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ ഉദാഹരണമായി കൊല്ലം ഡിസ്ട്രിക്റ്റിലും ആര്യൻകാവിലും തമിഴ് മീഡിയം ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്. അത്തരം സ്ഥലങ്ങളിൽ തമിഴ് മീഡിയത്തിനു

LIBRARY ARCHIVES Kerala Legislative Assembly